**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 726** **28.09. 2011-ൽ മറുപടി നൽകേണ്ടിയിരുന്നത്**

**കെമിക്കൽ എക്സാമിനേഴ്സ് ലാബുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ക്രിമിനൽ കേസുകൾ തെളിയിക്കുന്നതിനാവശ്യമായി വരുന്ന രാസപരിശോധന നടത്തുന്ന കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | : (എ) ഉണ്ട്. വകുപ്പുതലത്തിൽ പ്രവർത്തനം വിലയിരുത്തി ലഭ്യമാക്കുന്ന പ്രതിമാസ റിപ്പോർട്ട് സർക്കാർ തലത്തിൽ പരിശോധിക്കാറുണ്ട്. പ്രതിമാസ റിപ്പോർട്ടിൽ ഓരോ മാസവും പരിശോധനയ്ക്കു ലഭിക്കുന്നതും, പരിശോധിക്കുന്നതും, അവശേഷിക്കുന്നതുമായ പരിശോധനാ വസ്തുക്കളുടെ വിശദവിവരങ്ങൾ ഉൾപ്പെടുത്തിവരുന്നുണ്ട്. കുടിശ്ശിക കഴിയുന്നത്ര വേഗം തീർക്കുന്നതിന് വകുപ്പിന് നിർദ്ദേശം നൽകാറുണ്ട്. |
| (ബി) പ്രസ്തുത സ്ഥാപനങ്ങളിൽ രാസപരിശോധനയ്ക്ക് കാലതാമസം നേരിടുന്നത് ഒഴിവാക്കാൻ സത്വര നടപടികൾ സ്വീകരിക്കാമോ ; | : (ബി) നിലവിലുള്ള ജീവനക്കാർക്ക് പരിശോധിക്കാൻ കഴിയുന്നതിനേക്കാൾ കൂടുതൽ 'തൊണ്ടി' സാധനങ്ങൾ രാസപരിശോധനയ്ക്ക് ലഭിക്കുന്നതിനാൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നു. |

(.....................2)

| | |
|---|---|
| (സി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനരീതിയുടെ മാനദണ്ഡങ്ങൾ വെളിപ്പെടുത്താമോ ; വേണ്ടത്ര പ്രവൃത്തി പരിചയമുള്ളവരെയാണ് നിയമിക്കുന്നതെന്നു ഉറപ്പു വരുത്തുമോ ? | : (സി) കെമിക്കൽ എക്സാമിനേഴ്സ് വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരമാണ് നിയമനങ്ങൾ നടത്തി വരുന്നത്. വേണ്ടത്ര യോഗ്യതയും പരിചയവുമുള്ളവരെ മാത്രം നിയമിക്കുന്നതിന് സ്പെഷ്യൽ റൂൾസിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനരീതിയുടെ മാനദണ്ഡങ്ങൾ വെളിപ്പെടുത്താമോ ; വേണ്ടത്ര പ്രവൃത്തി പരിചയമുളളവരെയാണ് നിയമിക്കുന്നതെന്നു ഉറപ്പു വരുത്തുമോ ?

: (സി) കെമിക്കൽ എക്സാമിനേഴ്സ് വകുപ്പിൽ നിലവിലുളള സ്പെഷ്യൽ റൂൾസ് പ്രകാരമാണ് നിയമനങ്ങൾ നടത്തി വരുന്നത്. വേണ്ടത്ര യോഗ്യതയും പരിചയവുമുളളവരെ മാത്രം നിയമിക്കുന്നതിന് സ്പെഷ്യൽ റൂൾസിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുളള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ